LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാർഷിക നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു. പി.എസ്.സി.-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്കാണ് പോലീസ് വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകുന്നത്.

(ബി) വനിതാ എസ്.ഐ. തസ്തികയിൽ പുതുതായി സൃഷ്ടിച്ച 60 തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വനിതാ എസ്.ഐ.-ക്ക് മാത്രമായി പ്രത്യേകം റാങ്ക് പട്ടിക പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഏത് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന നിർദ്ദേശം നൽകണം എന്ന് തീരുമാനിക്കുന്നത് പി.എസ്.സി.യാണ്.

സ്ത്രീ സുരക്ഷാ പദ്ധതി

222 (2050) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് സ്ത്രീ സുരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സന്നദ്ധ സംഘടനകളേയും സ്ത്രീ പ്രസ്ഥാനങ്ങളേയും ഇതിൽ സഹകരിപ്പിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അക്രമ പ്രവർത്തനങ്ങൾ തടഞ്ഞ് അവർക്ക് സുരക്ഷിതത്വം നൽകുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എറണാകുളം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി 'നിർഭയകേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം എന്ന മഹാവിപത്തിനെതിരെ ബോധവൽക്കരണം നടത്തുകയും ഇതിന് കാരണമാകുന്ന ഗാർഹിക പീഡനം, മദ്യപാനാസക്തി എന്നിവ തടയുന്നതിനായി നടപടികൾ സ്വീകരിക്കുകയും ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരെ ശക്തമായ നിയമ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിച്ച് കോടതി നടപടികൾ വേഗത്തിലാക്കി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും ലൈംഗിക അതിക്രമത്തിന് ഇരയായ പീഡിതർക്ക് അത്യാവശ്യമായി ചെയ്തുകൊടുക്കേണ്ട സംരക്ഷണവും പുനരധിവാസവും പുനരേകീകരണവും സാധ്യമാക്കുകയും ഒക്കെ ഈ പദ്ധതിയുടെ ഭാഗമാണ്. കുറ്റകൃത്യങ്ങൾക്ക് ഇരയായ സ്ത്രീകൾക്കും കുട്ടികൾക്കും തുടർ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി. സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ മാന്യമായി ജീവിക്കാൻ ഇവരെ പ്രാപ്തരാക്കുന്നതും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. സ്കൂൾ കോളേജ് ക്യാമ്പസ്സുകളിൽ കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള പരിശീലനവും അവബോധവും നൽകുന്നതിലൂടെ പെൺകുട്ടികളെ ശക്തരാക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ആയതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും വുമൺ സെൽഫ് ഡിഫൻസ് ടെക്നിക് (WSDT) ട്രെയിനിംഗ് എന്നിവ നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തുന്നതിനായി വില്ലേജ് തലങ്ങളിൽ സർവ്വേ, ക്രൈം മാപ്പിംഗ് എന്നിവ നടത്തുകയും അതാതു സ്ഥലങ്ങളിലെ ബന്ധപ്പെട്ട അധികാരികളുടെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകികൊണ്ട് സംസ്ഥാനത്ത് പുതിയതായി ആറ് വനിതാപോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിനായി പുതിയതായി 60 വനിതാ സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനനടപടികൾ നടന്നുവരുന്നു. 700-ലധികം വനിത സിവിൽ പോലീസ് ഓഫീസർമാരുടെ പുതിയ തസ്തികകളിൽ നിയമനത്തിനുള്ള നടപടികൾ ആയിട്ടുണ്ട്.

പോലീസ് സേനയിലെ നിയമനത്തട്ടിപ്പ്

223 (2051) ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ നിയമനം നൽകാമെന്നു പറഞ്ഞ് തട്ടിപ്പ് നടത്തിയ സംഭവത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ ; തട്ടിപ്പുകാർ നൂറിലധികം ആളുകളിൽ നിന്നായി ലക്ഷക്കണക്കിന് രൂപ കോഴ വാങ്ങിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;